# വൃക്കരോഗികൾക്ക് ആശ്വാസമായി 1.19 ലക്ഷം രൂപ നൽകി കുടുംബശ്രീയുടെ കാരുണ്യഹസ്തം

കോവിഡ് കാലത്ത് ഡയാലിസിസ് മുടങ്ങി അവശതകൾ അുഭവിക്കുന്ന നിരവധി വൃക്കരോഗികൾക്ക് ആശ്വാസമായി കുടുംബശ്രീയുടെ കാരുണ്യം. പാവപ്പെട്ട വൃക്കരോഗികൾക്ക് സൗജന്യമായോ ചുരുങ്ങിയ ചെലവിലോ ഡയാലിസിസ് നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിയിലേക്ക് 1.19 ലക്ഷം രൂപ സംഭാവന നൽകിക്കൊണ്ടാണ് കുടുംബശ്രീ സാമൂഹ്യപ്രതിബദ്ധത തെളിയിച്ചത്. കുടുംബശ്രീ മുഖേന സമാഹരിച്ച തുക ചെങ്ങളായി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.രത്നകുമാരി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി സുമേഷിന് കൈമാറി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കലക്ടർ മുഖ്യ കോഓർഡിനേറ്ററായും പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റിയാണ് സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി. കോവിഡ് 19 പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ നിലവിൽ വന്നതോടെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ഞെരുക്കം നേരിട്ടതിനെ തുടർന്നാണ് കുടുംബശ്രീ സഹായഹസ്തവുമായി എത്തിയത്. കുടുംബശ്രീ ജില്ലാ മിഷനിലെ ജീവനക്കാരും ജില്ലയിലെ കുടുംബശ്രീ പ്രവർത്തകരും സംഭാവന ചെയ്തതാണ് ഇത്രയും തുക. ഇതിനു മുമ്പും സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസ!!ൈ!!റ്റിയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി കുടുംബശ്രീ അകമഴിഞ്ഞ് സംഭാവന നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2015ൽ 58 ലക്ഷം രൂപയും ഈ വർഷം കൊറോണ വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ തുടങ്ങുന്നതിനു മുമ്പ് സിഡിഎസുകളിൽ

നിന്നും സംഭാവനയായി ലഭിച്ച 50,000 രൂപയും കുടുംബശ്രീ നൽകിയിട്ടുണ്ട്. ഇപ്പോൾ നൽകിയ 1.19 ലക്ഷം രൂപ കൂടാതെ സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിയെ സഹായിക്കുന്നതിനായി കൂടുതൽ സിഡിഎസുകൾ മുന്നോട്ടു വരുന്നുണ്ട്.

കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ എം.സുർജിത്ത്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പി ദിവ്യ, ചെങ്ങളായി സിഡിഎസ്ചെയർപേഴ്സൺ കെ.പി അനിത, ജില്ലാ പഞ്ചായത്ത് സെക്രട്ടറി വി.ചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.